# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.754 20.03.2013- ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ജലക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലും എസ്.എ.റ്റി ആശുപത്രിയിലും ദൈനംദിനം എത്ര വീതം സർജറികളാണ് ശരാശരി നടക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ശരാശരി 55 മുതൽ 60 വരെ മേജർ സർജറിയും 35 മുതൽ 40 വരെ മൈനർ സർജറിയും നടക്കുന്നുണ്ട്. എസ്.എ.റ്റി ആശുപത്രിയിൽ 35 മുതൽ 40 വരെ മേജർ സർജറിയും 15-ഓളം മൈനർ സർജറിയും നടക്കുന്നുണ്ട്. |
| (ബി) ജലക്ഷാമം നേരിട്ട ദിവസങ്ങളിൽ എത്ര സർജറികളാണ് മാറ്റിവെക്കപ്പെട്ട-തെന്നും, എത്ര സർജറികൾ വീതം നടന്നുവെന്നും അറിയിക്കുമോ ; | (ബി) | 27.02.2013 ൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 49 മേജർ സർജറിയും 29 മൈനർ സർജറിയും നടന്നു. എസ്.എ.റ്റി ആശുപത്രിയിൽ 16 മേജർ സർജറിയും 10 മൈനർ സർജറിയുമാണ് നടന്നത്. |
| (സി) ഓപ്പറേഷൻ തീയറ്ററുകളിലും അത്യാഹിത വിഭാഗങ്ങളിലും ഒരാഴ്ചത്തേക്കുള്ള ജലമെങ്കിലും സംഭരിക്കാനുള്ള സംവിധാനം ഒരുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | അത്യാവശ്യ ഉപയോഗത്തിനുള്ള ജലം സംഭരിച്ചു വയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ